സംസ്ഥാനത്തിന്റെ ഏഴാം പഞ്ചവത്സര പദ്ധതി

*11 [11] ശ്രീ. കെ. പി. പ്രഭാകരൻ:
,, എ. സി. ഷൺമുഖദാസ്:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കാനം രാജേന്ദ്രൻ:
,, കെ. ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഏഴാം പഞ്ചവത്സര പദ്ധതി സംഖ്യ എത്രയെന്ന് അന്തിമമായി തീരുമാനിക്കപ്പെട്ടുവോ;

(ബി) എങ്കിൽ എത്ര;

(സി) ഏഴാം പഞ്ചവത്സര പദ്ധതിക്ക് ഇൻഡ്യാ ഗവൺമെന്റ് അന്തിമരൂപം നൽകുമ്പോൾ സംസ്ഥാനപദ്ധതിക്ക് എന്തെങ്കിലും ഭേദഗതി വരുത്തുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) ഇപ്പോൾ അനുവദിച്ച സംസ്ഥാന പദ്ധതിക്കുള്ള വിഭവസമാഹരണം ഏതെല്ലാം വിധത്തിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) പ്ലാനിംഗ് കമ്മീഷൻ കേരളത്തിന്റെ ഏഴാം പദ്ധതിക്ക് 2100 കോടി രൂപയുടെ അടങ്കലാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ, അടുത്തുചേരുന്ന ദേശീയ വികസന കൗൺസിൽ യോഗമാണ് സംസ്ഥാനത്തിന്റെ ഏഴാം പദ്ധതിക്കുള്ള അടങ്കൽതുക അന്തിമമായി തീരുമാനിക്കേണ്ടത്.

(സി) അടുത്തുതന്നെ നടക്കുവാൻ പോകുന്ന ദേശീയ വികസന കൗൺസിൽ യോഗമാണ് ഏഴാം പദ്ധതിക്ക് അന്തിമരൂപം നൽകുന്നത്. ആ അവസരത്തിൽ കേരളത്തിന്റെ പദ്ധതിക്ക് എന്തെങ്കിലും ഭേദഗതി വരുത്തുമോയെന്ന് ഇപ്പോൾ പറയുവാൻ കഴിയുകയില്ല.

(ഡി) സംസ്ഥാനത്തിന്റെ ഏഴാം പദ്ധതിക്കുള്ള വിഭവസമാഹരണം താഴെ കാണിച്ചിരിക്കുന്ന വിധത്തിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

I. പൊതുക്കടം, പൊതുസ്ഥാപനങ്ങളിൽനിന്നുള്ള വായ്പ എന്നിവ ഒഴിച്ചുള്ള സംസ്ഥാന ബഡ്ജറ്റ് വിഭവങ്ങൾ.

(രൂപ കോടിക്കണക്കിൽ)

(എ)	1984-85-ലെ നിരക്കനുസരിച്ച് റവന്യൂ വരുമാന മിച്ചം	(—) 799.53
(ബി)	പൊതു സംരംഭങ്ങളിൽ നിന്നുള്ള സംഭാവന:	
(1)	വിദ്യുച്ഛക്തി ബോർഡ്	96.11
(2)	കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ	(—) 148.77
		(—) 52.66

LIBRARY ARCHIVES Kerala Legislative Assembly

(സി)	കേന്ദ്രം അനുവദിച്ചതായ സംസ്ഥാനത്തിന്റെ പൊതുക്കടവും പൊതുമേഖലാ സ്ഥാപനങ്ങളും സ്വരൂപിക്കുന്ന കടങ്ങളും	524.71
(ഡി)	മെറുകിട സ്വാദ്ധ്യപദ്ധതി	141.03
(ഇ)	സംസ്ഥാന പ്രൊവിഡന്റ് ഫണ്ട് (തനി)	332.58
(എഫ്)	പലവക മൂലധനവരവ്	(—) 308.25
	ആകെ (1)	(—) 162.12
2.	അധിക വിഭവ സമാഹരണം	1062.96
3.	കരാർ അനുസരിച്ചുള്ള വായ്പകൾ	
	(എ) സംസ്ഥാനത്തിന്റെ (ബി) പൊതുമേഖലാസ്ഥാപനങ്ങൾ	236.75
4.	സംസ്ഥാനത്തിന്റെ ആകെ വിഭവങ്ങൾ (1+2+3)	1137.59
5.	മുൻകൂർ പദ്ധതി സഹായം	(—) 3.60
6.	28-1-1985-ന് അഡ്ജസ്റ്റ് ചെയ്ത ബഡ്ജറ്റ് കമ്മി	(—) 174 50
7.	സംസ്ഥാനത്തിന്റെ സ്വന്തം വിഭവങ്ങൾ (കടം എടുപ്പ് ഉൾപ്പെടെ)	(—) 959.49
8.	കേന്ദ്രസഹായം	
	(എ) സാധാരണ 923.51 (ബി) ബാഹ്യസഹായത്തോടുകൂടി 217.00	1140.51
(9)	ആകെ വിഭവങ്ങൾ (7+8)	2100.00

സഹകരണ അച്ചടിശാലകൾ

*12 [12] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ അച്ചടിശാലകൾ പ്രവർത്തിക്കുന്നു;

(ബി) ഇവയ്ക്ക് പ്രവർത്തന മൂലധനമായോ, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവ നവീകരിക്കുന്നതിനോ എന്തെങ്കിലും സാമ്പത്തിക സഹായം നൽകുവാൻ ഇന്ന് വ്യവസ്ഥ ഉണ്ടോ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം):

(എ) സംസ്ഥാനത്ത് 24 സഹകരണ അച്ചടി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അച്ചടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു പദ്ധതി 24-3-82-ൽ ജി. ഒ. എം. എസ്. 117/82/എ, ഉത്തരവുപ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly